ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതിക - വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - കേരള പി എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥി - **ശ്രീമതി ചൈതന്യ നായർ എസ് സി** - ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് ) - പ്രവേശനകാലം ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു:-

---

**ജീവനക്കാര്യം ( ബി ) വിഭാഗം**

**നം. DTETVM/1529/2026-EB3 (EB) തിരുവനന്തപുരം, തീയതി : 19-02-2026**

---

വായന :-

1. **26.12.2025** തീയതിയിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ **R1C-1/10/2025-KPSC** നം. നിയമന ശിപാർശ കത്ത്.
2. ഈ കാര്യാലയത്തിൽ നിന്നുമുള്ള **04.02.2026** തീയതിയിലെ **TETVM/2695/2025-EB3 (EB)** നം. നിയമന ഉത്തരവ്.
3. ശ്രീമതി ചൈതന്യ നായർ എസ് സി-യുടെ **17.02.2025** തീയതിയിലെ അപേക്ഷ.
4. സ.ഉ.(പി) നമ്പർ **14/99/P&ARD** തീയതി. **17.7.1999.**
5. സർക്കുലർ നമ്പർ **5966/Adv.C3/2000/P&ARD** തീയതി. **28.6.2000.**
6. സ.ഉ.(അച്ചടി) നമ്പർ **15/20**/ഉഭപവ തീയതി. **28/10/2020.**

**<u>ഉത്തരവ്</u>**

വായന **(1)** ലെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ **ശ്രീമതി ചൈതന്യ നായർ എസ് സി** എന്ന ഉദ്യോഗാർത്ഥിയെ **₹26500-60700/-** രൂപ ശമ്പള നിരക്കിൽ ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് ) തസ്തികയിൽ വായന **(2)** പ്രകാരം കുന്നംകുളം ഗവ. പോളിടെക്നിക് കോളേജിൽ നിയമനം നൽകുകയും ടി ഉത്തരവ് കൈപ്പറ്റി **20.02.2026** തീയതിയിലോ അതിന് മുൻപായോ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകുവാനുമാണ് നിർദ്ദേശിച്ചിരുന്നത്.

എന്നാൽ ശ്രീമതി ചൈതന്യ നായർ എസ് സി നിലവിൽ ജോലി നോക്കിവരുന്ന വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിന് കാലതാമസം വരുമെന്നും ആയതിനാൽ ജോലിയിൽ പ്രവേശിക്കുന്നതിന് **10** ദിവസത്തെ എക്സ്റ്റെൻഷൻ നൽകണമെന്നും വായന **(3)** പ്രകാരം അപേക്ഷച്ചിരിക്കുന്നു.

പി.എസ്.സി. മുഖേന നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ പ്രവേശന കാലം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വായന **(4) (5) (6)** ഉത്തരവുകളിൽ

പരാമർശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, വായന ഉത്തരവുകൾക്ക് വിധേയമായി ടിയാൾക്ക് അനുവദിച്ചിരുന്ന പ്രവേശനകാലം വായന (2)-ലെ നിയമന ഉത്തരവ് തീയതി മുതൽ 45 ദിവസത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

ശ്രീമതി ചൈതന്യ നായർ എസ് സി , വായന (2 ) പ്രകാരമുള്ള ഉത്തരവ് തീയതി മുതൽ 45 ദിവസം തികയുന്ന ദിവസമോ അതിനുമുമ്പായോ സ്ഥാപനമേധാവി മുമ്പാകെ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 21-02-2026
15:30:16

**Dr JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി